# നിങ്ങൾക്ക് ഒരു സമ്മാനം



Giving Light to Our World

## നിങ്ങൾക്കൊരു സമ്മാനം

വീട്ടിൽ എല്ലാവരും ആശിച്ചിരുന്നതും അതേ സമയം അവരെ ഞെട്ടിച്ചതുമായ ഫോൺ വിളി രാത്രി രണ്ടുമണിക്കായിരുന്നു. "ബോബിക്കു വേണ്ടി ഒരു ഹൃദയം ഒരുക്കമാണ്" എന്നായിരുന്നു ആ സന്ദേശം. ഹൃദ്രോഗിയും പന്ത്രണ്ടു വയസ്സുകാരനുമായ ബോബി പല നാളുകളായി ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്ര ക്രിയ കാത്തുകഴിയുകയായിരുന്നു. കാലം നീണ്ടുപോകയാണെങ്കിൽ അവന്റെ ആരോഗ്യ സ്ഥിതി ശസ്ത്രക്രിയയ്ക്കു പറ്റാത്തവിധം വഷ ളാകയും മുൻഗണനാനിരയിൽ അവൻ പിന്നി ലേക്ക് തള്ളപ്പെട്ട് പ്രത്യാശക്കു വകയില്ലാതാ കയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ ബോബിക്ക് ഒരു പുതുഹൃദയം എന്ന സമ്മാനം കുടുംബാംഗങ്ങൾക്ക് എല്ലാം പുതുജീവൻ ലഭി ക്കുന്നതുപോലെ ആയിരുന്നു.

നാമെല്ലാം ഇതിലും മോശമായി ജീവൻ തന്നെ അപകടപ്പെടുന്ന സ്ഥിതിയിലാണെന്ന് ബൈബിളിൽ നമ്മോടു പറയുന്നു. "പാപ

ത്തിന്റെ ശമ്പളം മരണമത്രെ" എന്നതാകയാൽ നാം നിത്യമരണം നേടി എടുത്തുകഴിഞ്ഞു (റോമർ 6:23). "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു" (റോമർ 3:23). ഈ വാക്യം ആദ്യമായി എഴുതപ്പെട്ട ഗ്രീക്കു ഭാഷയിൽ ഇതിന്റെ അർത്ഥം മനസ്സിലാക്കുമ്പോൾ നമ്മുടെ അവസ്ഥ എത്ര ദയനീയമെന്നു നാം കണ്ടെത്തും. പാപമെന്നത് ചെയ്തുപോയ കാര്യങ്ങൾ മാത്രമല്ല, നാം തുടർന്നു ചെയ്തുകൊണ്ടിരിക്കുന്നതും കൂടെയാണ്.

നമ്മുടെ സന്തോഷാവസ്ഥയിൽ ചിലപ്പോൾ നാമിത് അംഗീകരിക്കയില്ല. നമ്മൾ പൂർണ്ണരല്ലായെങ്കിലും ദുഷ്ടന്മാരല്ലയെന്ന് നാം പറയും. നമ്മൾ ആശിച്ചിരുന്ന ഉയർച്ചയും ശമ്പളവർദ്ധനയും നമ്മുടെ അയൽക്കാരനു കിട്ടുമ്പോൾ, അല്ലെങ്കിൽ അയാളൊരു പുതിയ കാർ വാങ്ങുമ്പോൾ നമ്മുടെ ഹൃദയം അസൂയ നിറയുന്നതായി നമുക്ക് കാണാം. സൗന്ദര്യവതിയായ ഒരു നടിയെയോ ഒരു പരസ്യതാരത്തെയോ കാണു

ന്നേരം ചിലപ്പോൾ നാം മോഹം എന്തെന്നറിയും. യാത്രയിൽ മറ്റൊരു കാർ നമ്മുടെ മുമ്പിൽ വേഗം കടന്നു കയറുമ്പോൾ നാം കോപിക്കുന്നത് നമ്മെ ചിലപ്പോൾ അതിശയിപ്പിക്കും. ജീവിതത്തെ ഒന്നു വാസ്തവമായി നാം പരിശോധിച്ചാൽ ഇതെല്ലാം സത്യമാണെന്നു നമുക്കു ബോധ്യമാകും.

ചെറുപ്പക്കാരനും നിരീശ്വരവാദിയും ഓക്സ്ഫോർഡ് സർവ്വകലാശാല പ്രൊഫസറുമായ സി.എസ്സ് ലെവിസ് ഇങ്ങനെ എഴുതുന്നു. "ഒരു പ്രായോഗിക ആവശ്യത്തിനു വേണ്ടി ഞാൻ എന്നെ ആദ്യമായി ഗൗരവതരത്തിൽ ഒന്നു പരിശോധിച്ചു. അവിടെ കണ്ടെത്തിയത് എന്നെ അതിശയിപ്പിച്ചു കളഞ്ഞു; മോഹവലയത്തിന്റെ ഒരു മൃഗശാല, അത്യാഗ്രഹത്തിന്റെ കിടപ്പറ, സകല ഭയത്തിന്റെയും സംഭരണശാല, വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ആവാസ കേന്ദ്രം. എന്റെ പേര് ലെഗ്യോൻ എന്ന് വേണമെങ്കിൽ പറയാം." ഇവയെല്ലാം നമ്മുടെ പാപഹൃദയങ്ങളിൽ നിന്ന് പുറപ്പെട്ടു വരുന്ന പാപങ്ങളാ

ണെന്നു നമ്മോടു പറയുന്നു. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽ നിന്ന് ദോഷം പുറപ്പെടുവിക്കുന്നു" (ലൂക്കോസ് 6:45).

ശരിക്കുള്ള നമ്മുടെ പാപാവസ്ഥ നമ്മിൽ നിന്ന് മറച്ചുവെയ്ക്കുന്നത് നമ്മുടെ പാപഹൃദയങ്ങളാണെന്നുള്ളത് സത്യമാണ്. "ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്; അത് ആരാഞ്ഞറിയുന്നവൻ ആർ? (യിര. 17:9)."

നമ്മുടെ പ്രശ്നങ്ങളുടെ ഉറവിടം നമ്മുടെ ഹൃദയങ്ങളാണെന്നു നാം ഇവിടെ കാണുന്നു. അതിനെ നമുക്കു നന്നാക്കാൻ ആകയില്ല. എത്ര ചികിത്സിച്ചാലും ഭേദമാകയുമില്ല. ദോഷമുള്ള നമ്മുടെ ഹൃദയം മാറ്റി വയ്ക്കാതിരുന്നാൽ നാം മരിച്ചുപോകും. എത്ര പണം കൊടുത്താലും നമുക്കു വേണ്ടതായ പുതുഹൃദയം കിട്ടുകയില്ല. ബോബിക്കു സംഭവിച്ചതുപോലെ മറ്റൊരാൾ ഹൃദയം ദാനം ചെയ്യേണ്ടതുണ്ട്.

പരിതാപകരമായ ഈ അവസ്ഥയിൽ നമു

ക്കെല്ലാവർക്കും നല്ല വാർത്ത ബൈബിൾ തരുന്നു; "ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസളമായുള്ള ഹൃദയം നിങ്ങൾക്കു തരും" (യെഹെ. 36:26)

ഈ ഹൃദയമാറ്റം വേഗത്തിൽ സംഭവിക്കും എന്നതാണ് നല്ല കാര്യം. മുൻഗണനാ നിരയിൽ കാത്തിരിക്കേണ്ടതില്ല. ഹൃദയമാറ്റം നടന്നു കഴിഞ്ഞാൽ നാം പുതിയൊരു ജീവിതമൂല്യത്തിൽ സന്തോഷിച്ചുകൊണ്ട് തുടർന്നു ജീവിക്കും.

"ഹൃദയം ലഭ്യമാണ്" എന്നുള്ള ഫോൺ സന്ദേശം വന്നപ്പോൾ എല്ലാവരിലും ഞെട്ടലുണ്ടായതിന്റെ ഒരു കാരണം ശസ്ത്രക്രിയയിലെ അപകടാവസ്ഥയാണ്. ആരോഗ്യമുള്ള പുതുഹൃദയം തുന്നിച്ചേർക്കുന്നതിനു മുമ്പു രോഗം ബാധിച്ച പഴയ ഹൃദയം അറുത്തു മാറ്റേണ്ടതുണ്ട്. ശസ്ത്രക്രിയ തുടങ്ങിയാൽ പിന്തിരിയാനാവില്ല. ഇങ്ങനെയുള്ള ചിന്തകളോടു കൂടെ മാതാപിതാ

ക്കളും പുലർച്ചെക്കു മുമ്പു തന്നെ ആശുപത്രി യിലേക്കു തിരിച്ചു. മകനെ കിടത്തിയ ഗേണി ഉരുണ്ടു നീങ്ങുന്നത് അവർ കണ്ടു.

നാമും മരണത്തിന്റെ ഒരവസ്ഥയിൽ കൂടെ ആദ്യം കടക്കേണ്ടതുണ്ട്. തന്റെ പഴയ ഹൃദയം എടുത്തുമാറ്റുവാൻ ശസ്ത്രക്രിയ വിദഗ്ദ്ധനെ അനുവദിച്ചതുപോലെ നമ്മുടെ പഴയ സ്വാഭാ വിക ഹൃദയത്തെ നാമും ഉപേക്ഷിക്കണം. അങ്ങുമിങ്ങും തേച്ചുമിനുക്കിയാൽ പോരാ. ശരി ക്കുള്ള മാറ്റി വയ്ക്കൽ തന്നെ നമുക്കാവശ്യമാ ണ്.

ബോബിക്ക് പുതിയൊരു ഹൃദയം ലഭ്യമാ ണെന്ന വാർത്ത കേട്ടപ്പോൾ മാതാപിതാക്കൾ ഭയപ്പെട്ടു പോയ മറ്റൊരു വസ്തുത കൂടെയു ണ്ട്. അവർക്കു പ്രത്യാശ കൊടുത്ത ആ സംഭവം മറ്റെവിടെയോ ഒരു കുടുംബത്തിന്റെ പ്രത്യാശ തകർത്തു കളഞ്ഞിരിക്കുന്നു. മറ്റൊരാളിന്റെ മര ണമാണ് തങ്ങൾക്ക് പ്രത്യാശ നൽകിയിരിക്കു ന്നത്.

ആത്മീകമായ ഹൃദയമാറ്റത്തിനും പാപ

ത്തിൽ നിന്നുള്ള വിടുതലിനും ഇപ്പോൾ മുതലുള്ള നല്ല ജീവിതത്തിനും പിന്നീടുള്ള നിത്യജീവനും നമുക്ക് അവസരമൊരുക്കുന്നത് മറ്റൊരുവൻ ജീവൻ അർപ്പിച്ചതുകൊണ്ടാണ്. "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8)

ക്രിസ്തു നമുക്കു വേണ്ടി മരിച്ചത് നാം അതിനു യോഗ്യരായിരുന്നപ്പോഴോ പൂർണ്ണമായി നമ്മൾ ദൈവകല്പന അനുസരിച്ചിരുന്നപ്പോഴോ നമ്മുടെ ആവശ്യം നാം തിരിച്ചറിഞ്ഞപ്പോഴോ അല്ല; "നാം പാപികളായിരുന്നപ്പോഴാണ്" എന്നത് ശ്രദ്ധിക്കുക

ബോബിക്ക് ഹൃദയം മാറ്റിവെയ്ക്കൽ കൂടാതെ ജീവിതം അസാദ്ധ്യമായിരുന്നു. ഒരു നല്ല ഹൃദയത്തിന് അവൻ മറ്റൊരാളെ ആശ്രയിക്കേണ്ടി വന്നു. പണം കൊടുത്തു വാങ്ങാവുന്നതല്ല ഹൃദയം. അങ്ങനെ കഴിയുമായിരുന്നെങ്കിൽ തന്നെ അവർക്കതിനുള്ള സാമ്പത്തികവു

മില്ല. ഇതുപോലെ തന്നെയാണ് രക്ഷാമാർഗ്ഗവും. "പാപത്തിന്റെ ശമ്പളം മരണമത്രെ: ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൻ നിത്യജീവൻ തന്നെ" (റോമർ 6:23). നമുക്ക് നിത്യമരണമാണെന്നുള്ള മുന്നറിയിപ്പു തരുന്ന അതേ വാക്യം തന്നെ അതിനുള്ള പരിഹാരവും ഒരു ദാനമായി പ്രസ്താവിക്കുന്നു.

നിത്യത മുഴുവനുമുള്ള വിലയേറിയ ശ്രേഷ്ഠ സമ്മാനം! അതിനു വേണ്ടി നാം മുൻഗണനാ നിരയിൽ കാത്തിരിക്കേണ്ടതില്ല. ഇവിടെ ഇപ്പോൾ തന്നെ ചോദിച്ചാൽ നമുക്കത് ലഭിക്കും. അതിന്റെ പടികൾ എളുപ്പമുള്ളതാണ്. അതിനു വേണ്ടിയുള്ള ആവശ്യം ഒന്നാമതായി നിങ്ങൾ അംഗീകരിക്കുക; ഈ പുതുഹൃദയം വേണമെന്ന് ഏറ്റു പറയുക; അത് തരുവാൻ ദൈവത്തോടു അപേക്ഷിക്കുക. പ്രത്യേക സമവാക്യങ്ങളോ വാക്കുകളോ മാജിക്കോ ഒന്നും അതിൽ ഇല്ല. ചോദിക്കുക മാത്രം!

ബോബി പുതിയ ഹൃദയവുമായി മടങ്ങി

വന്നു. പുതിയൊരു ജീവിതവും അവനുണ്ടായിരിക്കുന്നു. ആ പുതിയ ജീവിതം എങ്ങനെ ജീവിക്കണമെന്നു അവൻ പഠിക്കേണ്ടതുണ്ട്. അതുപോലെ ഒരു പുതുഹൃദയം നമുക്കുണ്ടാകുമ്പോൾ ആ പുതിയ ജീവിതം എപ്രകാരമായിരിക്കണമെന്ന് നാമും പഠിക്കേണ്ടതാവശ്യമാണ്. പുതിയ ഹൃദയം ഇങ്ങനെ ലഭിച്ചു കഴിഞ്ഞവരുടെ സമൂഹമായ സഭയിൽ കൂടെ ആ പുതിയ ജീവിതരീതി ദൈവം നമ്മെ പഠിപ്പിക്കുന്നു. പുതുഹൃദയം പ്രാപിക്കുന്നതിനുള്ള സഹായവും അതിനു നിങ്ങളെ സഹായിക്കുന്ന സഭയും കണ്ടെത്തുന്നിതനു ബന്ധപ്പെടുക:

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel DIRECTV Channel 368

## Free Bible Studies



You can also contact us for information about our free Bible study plans and literature.

www.glowonline.org